**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **11-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യാശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയക്ക് ആവശ്യമായ പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരൾ മാറ്റ ശസ്ത്രക്രിയ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നുണ്ടോ; | (എ) | നിലവിൽ നടത്തുന്നില്ല. 2016ൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിച്ചിരുന്നുവെങ്കിലും കരൾ സ്വീകരിച്ച രോഗി അണുബാധ മൂലം മരണപ്പെട്ടതിനെത്തുടർന്ന് ശസ്ത്രക്രിയ നിർത്തിവയ്ക്കുകയുണ്ടായി. ശസ്ത്രക്രിയകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഊർജിതമായി സ്വീകരിച്ച് വരുന്നു |
| (ബി) | കരൾ രോഗികൾക്ക് സ്വകാര്യാശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയക്ക്ആവശ്യമായ പണം കണ്ടെത്തുന്നതിനായി പൊതുപ്രവർത്തകർക്കും സന്നദ്ധപ്രവർത്തകർക്കും പൊതുജനങ്ങളിൽ നിന്നും പിരിവെടുക്കണ്ടി വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ജനങ്ങൾ നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നത്. |
| (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്ന പക്ഷം പാവപ്പെട്ടവരുടെ കരൾമാറ്റ ശസ്ത്രക്രിയക്കായി ഇപ്രകാരം പിരിവെടുക്കേണ്ടി വരുന്നത് ഒഴിവാക്കാൻ കഴിയില്ലേ; വിശദമാക്കാമോ; | (സി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കാനും കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുതുതായി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ച് കഴിഞ്ഞാൽ നിർധനരായ രോഗികൾക്ക് കൂടുതൽ സഹായകരമാകുന്നതാണ്. |
| (ഡി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകാമോ? | (ഡി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ച് വരുന്നു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിന്റെ ഭാഗമായി സർജിക്കൽ ഗാസ്ട്രോഎന്ററോളജി വിഭാഗം ആരംഭിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൊഫസർ - 1 അസോസിയേറ്റ് |

| | | | |
|---|---|---|---|
| | | | പ്രൊഫസർ -1 അസിസ്റ്റന്റ് പ്രൊഫസർ - 2 സീനിയർ റസിഡന്റ് - 4 മേൽ തസ്തികകളിൽ നിയമനം നടത്തുകയും ഓപ്പറേഷൻ തിയറ്റർ, ഐ സി യു എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ